# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5215 05.07.2012 ൽ മറുപടിയ്ക്ക്

## വാഹനങ്ങളിലെ സൺ ഫിലിം

| ചോദ്യം<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി |
|---|---|---|
| (എ) വാഹനങ്ങളിലെ സൺ ഫിലിം ഒഴിവാക്കുവാൻ സുപ്രീംകോടതി വിധിയുടെ വെളിച്ചത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (എ) | സംസ്ഥാനത്ത് സുപ്രീം കോടതിയുടെ വിധി നടപ്പിലാക്കുന്നതിനായി അടിയന്തിര നടപടി സ്വീകരിക്കുവാൻ ഗതാഗത കമ്മീഷണർക്കും സ്റ്റേറ്റ് പോലീസ് ചീഫിനും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. അതിന്റെ തുടർച്ചയായി ഗതാഗത കമ്മീഷണർ എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും, എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും, എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും, ചെക്ക് പോസ്റ്റിലെ എല്ലാ മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാർക്കും കർശന നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടാതെ വാഹനങ്ങളിൽ ഒട്ടിച്ചിരിക്കുന്ന ബ്ലാക്ക് ഫിലിമുകൾ മാറ്റിയില്ലെങ്കിൽ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നുള്ള വാർത്ത ആകാശവാണി വഴി പ്രക്ഷേപണം ചെയ്യുന്നതിനും വാർത്താ-ദൃശ്യമാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിനും, സംപ്രേക്ഷണം ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു. ഈ വിഷയത്തിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ നിർദ്ദേശിച്ചു കൊണ്ട് എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സ്റ്റേറ്റ് പോലീസ് ചീഫും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത വിധിപ്രകാരം എത്ര ശതമാനം സുതാര്യത ഫിലിമുകൾ ഗ്ലാസുകളിൽ ഒട്ടിക്കാമെന്ന് വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത വിധി പ്രകാരം കറുത്ത ഫിലിമുകളോ മറ്റേതെങ്കിലും പദാർത്ഥമോ സേഫ്റ്റി ഗ്ലാസ്സിലോ വിൻഡ് സ്ക്രീനിലോ വശങ്ങളിലെ വിൻഡോകളിലോ ഒട്ടിക്കുന്നത് അനുവദനീയമല്ല. |
| (സി) ഇത് സംബന്ധിച്ച അനന്തര നടപടിക്കായി ഉത്തരവ് | (സി) | സംസ്ഥാനത്ത് സുപ്രീം കോടതി വിധി നടപ്പിൽ വരുത്തുന്നതിന് ആവശ്യമായ നടപടികൾ |

| | | |
|---|---|---|
| പുറപ്പെടുവിച്ചിട്ടുണ്ടോ; | | സ്വീകരിക്കുവാൻ ഗതാഗത കമ്മീഷണർക്കും സ്റ്റേറ്റ് പോലീസ് ചീഫിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി)പ്രസ്തുത സുപ്രീംകോടതി വിധിയുടെ മറവിൽ അധികാരികൾ വാഹന ഉടമകളിൽ നിന്നും അന്യായമായി പിഴ ഈടാക്കുന്നത് തടയുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | സുപ്രീം കോടതി വിധിയുടെ മറവിൽ അധികാരികൾ വാഹന ഉടമകളിൽ നിന്നും അന്യായമായി പിഴ ഈടാക്കുന്നതായി പരാതികളൊന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ